# കേരള സർവകലാശാല

നം. പി.ആർ.130/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ബിരുദ പ്രവേശനം : ഓപ്ഷൻ തീയതി നീട്ടി

കേരള സർവകലശാല ഒന്നാം വർഷ ബിരുദ പ്രവേശനത്തിന് (2016-17) ഓൺലൈൻ രജിസ്റ്റർ ചെയ്തവർക്ക് പുതുതായി ഓപ്ഷൻ നൽകുന്നതിനും സേ പരീക്ഷ വിജയിച്ചവർക്ക് ഓൺലൈൻ വഴി രജിസ്റ്റർ ചെയ്യുന്നതിനുമുള്ള തീയതി നീട്ടി. പുതുക്കിയ തീയതി പിന്നീട് അറിയിക്കും.

## പി.ജി ഡിപ്ലോമ ഇൻ മോളിക്യുലർ ഡയഗ്നോസ്റ്റിക്സ് : തീയതി നീട്ടി

കേരള സർവകലാശാല കാര്യവട്ടം ബയോടെക്നോളജി പഠനവകുപ്പിലെ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ ജിനോമിസ് ആൻഡ് ജീൻ ടെക്നോളജി നടത്തുന്ന പി.ജി ഡിപ്ലോമ ഇൻ മോളിക്യുലർ ഡയഗ്നോസ്റ്റിക്സ് കോഴ്സിന് അപേക്ഷ ലഭിക്കേണ്ട അവസാന തീയതി ജൂലൈ 30 വരെ നീട്ടി. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. ഫോൺ. 0471-2308778.

## ബി.വോക് ടൈംടേബിൾ

കേരള സർവകലാശാല ആഗസ്റ്റ് 17-ന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ ബാച്ചിലർ ഓഫ് വൊക്കേഷൻ പ്രോഗ്രാം ഇൻ സോഫ്റ്റ് വെയർ ഡെവലപ്മെന്റ്, ടൂറിസം & ഹോസ്പിറ്റാലിറ്റി മാനേജ്മെന്റ് (2014 മുതലുള്ള അഡ്മിഷൻ) പരീക്ഷകളുടെ ടൈംടൈബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## എം.എ അസൈൻമെന്റ് മാർക്ക്

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം രണ്ടാം വർഷ എം.എ ഇംഗ്ലീഷ്, മലയാളം അസൈൻമെന്റ് മാർക്കുകൾ പ്രസിദ്ധീകരിച്ചു. ഫലം പാളയം എസ്.ഡി.ഇ ഓഫീസിൽ ലഭിക്കും.

## ബി.എസ്സി/ബി.ബി.എ ടൈംടേബിൾ

കേരള സർവകലാശാല കരിയർ റിലേറ്റഡ് രണ്ടാം സെമസ്റ്റർ ബി.എസ്സി ഇലക്ട്രോണിക്സ്, ബി.ബി.എ (2015 അഡ്മിഷൻ - റഗുലർ, 2014 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി, 2013 അഡ്മിഷൻ - സപ്ലിമെന്ററി) കോഴ്സുകളുടെ പരീക്ഷകൾ ആഗസ്റ്റ് ഒന്നിന് തുടങ്ങും. ടൈംടൈബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## മനുഷ്യാവകാശ പി.ജി. ഡിപ്ലോമ : സീറ്റൊഴിവ്

കേരള സർവകലാശാല കാര്യവട്ടം നിയമപഠന വകുപ്പ് യു.ജി.സി സഹായത്തോടെ നടത്തുന്ന മനുഷ്യാവകാശ പി.ജി ഡിപ്ലോമ കോഴ്സിൽ ഏതാനും സീറ്റുകൾ ഒഴിവുണ്ട്. ഏതെങ്കിലും വിഷയത്തിലുള്ള ബിരുദമാണ് അടിസ്ഥാന യോഗ്യത. താൽപര്യമുള്ളവർ പത്താം ക്ലാസ് മുതലുള്ള അസ്സൽ സർട്ടിഫിക്കറ്റുകൾ, 2500/- രൂപ ഫീസ് സഹിതം ജൂലൈ 26 ഉച്ചയ്ക്ക് രണ്ട്

മണിക്ക് കാര്യവട്ടം നിയമപഠനവകുപ്പ് ഓഫീസിൽ ഹാജരാകണം. ഫോൺ. 0471-2308936.

## പി.ജി.ഡി.കെ.എം പരീക്ഷ

കേരള സർവകലാശാല ആഗസ്റ്റിൽ നടത്തുന്ന രണ്ടാം സെമസ്റ്റർ പോസ്റ്റ് ഗ്രാജുവേറ്റ് ഡിപ്ലോമ ഇൻ നോളജ് മാനേജ്മെന്റ് (കാര്യവട്ടം ഫ്യൂച്ചേഴ്സ് സ്റ്റഡീസ് പഠനവകുപ്പ്) പരീക്ഷയ്ക്ക് പിഴകൂടാതെ ആഗസ്റ്റ് മൂന്ന് (50 രൂപ പിഴയോടെ ആഗസ്റ്റ് ആറ്, 250 രൂപ പിഴയോടെ ആഗസ്റ്റ് ഒമ്പത്) വരെ അപേക്ഷിക്കാം.

## എം.ബി.എ പരീക്ഷ : പുതുക്കിയ തീയതി

കേരള സർവകലാശാല ജൂലൈ 25-ന് തുടങ്ങാനിരുന്ന രണ്ടാം സെമസ്റ്റർ എം.ബി.എ (2009 സ്കീം - ഫുൾടൈം/പാർട്ട് ടൈം/റഗുലർ (ഈവനിംഗ്/ യു.ഐ.എം)), ജൂലൈ 26-ന് തുടങ്ങാനിരുന്ന നാലാം സെമസ്റ്റർ എം.ബി.എ (2009 സ്കീം - ഫുൾടൈം/പാർട്ട് ടൈം/റഗുലർ (ഈവനിംഗ്/യു.ഐ.എം)) സപ്ലിമെന്ററി പരീക്ഷകൾ യഥാക്രമം ആഗസ്റ്റ് നാല്, അഞ്ച് തീയതികളിലേക്ക് മാറ്റി. രണ്ടാം സെമസ്റ്റർ (2009 സ്കീം) അഡീഷണൽ ചാൻസിന് പിഴകൂടാതെ ജൂലൈ 23 (50 രൂപ പിഴയോടെ ജൂലൈ 25, 250 രൂപ പിഴയോടെ ജൂലൈ 26) വരെ അപേക്ഷിക്കാം.

## ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് സയൻസ് ടൈംടേബിൾ

കേരള സർവകലാശാല ആഗസ്റ്റ് ഒന്നിന് തുടങ്ങുന്ന രണ്ടാം സെമസ്റ്റർ ബി.എസ്സി ഹോട്ടൽ മാനേജ്മെന്റ് ആൻഡ് കാറ്ററിംഗ് സയൻസ് (242 - കരിയർ റിലേറ്റഡ് സി.ബി.സി.എസ് - 2015 റഗുലർ, 2014 അഡ്മിഷൻ - ഇംപ്രൂവ്മെന്റ്, 2013 അഡ്മിഷൻ - സപ്ലിമെന്ററി) പരീക്ഷകളുടെ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ബി.എ മാർക്ക്ലിസ്റ്റ് കൈപ്പറ്റണം

കേരള സർവകലാശാല വിദൂരവിദ്യാഭ്യാസ വിഭാഗം ജനുവരിയിൽ നടത്തിയ അഞ്ചാം സെമസ്റ്റർ ബി.ബി.എ (2013-16 ബാച്ച്) പരീക്ഷയുടെ മാർക്ക്ലിസ്റ്റ് പാളയം വിദൂരവിദ്യാഭ്യാസ വിഭാഗത്തിൽ നിന്നും ഹാൾടിക്കറ്റ് ഹാജരാക്കി ജൂലൈ 22, 23 തീയതികളിൽ കൈപ്പറ്റേണ്ടതാണ്.

## യു.ഐ.എം/ഐ.എം.കെ പ്രവേശനം

കേരള സർവകലാശാല യു.ഐ.എം/ഐ.എം.കെ യിൽ പ്രവേശനത്തിനുള്ള ഗ്രൂപ്പ് ചർച്ചയും വ്യക്തിഗത അഭിമുഖവും തിരുവനന്തപുരം പൂജപ്പുര ഐ.സി.എം-ൽ ജൂലൈ 22, 23, 24 തീയതികളിൽ നടത്തും. കൊല്ലം യു.ഐ.എം, അടൂർ യു.ഐ.എം, ആലപ്പുഴ യു.ഐ.എം എന്നിവിടങ്ങൾ ഓപ്ഷൻ തെരഞ്ഞെടുത്തവർ ജൂലൈ 22-ന് ഗ്രൂപ്പ് ചർച്ചയ്ക്കും അഭിമുഖത്തിനും ഹാജരാകണം. ഇ-മെയിൽ, എസ്.എം.എസ് മുഖേന വിദ്യാർത്ഥികൾക്ക് അറിയിപ്പ് നൽകിയിട്ടുണ്ട്. ഇതുവരെയും അറിയിപ്പ് (ഇ-മെയിൽ, എസ്.എം.എസ്) ലഭിക്കാത്തവർ 0471-2301145 എന്ന നമ്പരിലോ mbakeralauty@gmail.com എന്ന ഇ-മെയിലോ ജൂലൈ 21 വൈകുന്നേരം അഞ്ച് മണിക്കകം ബന്ധപ്പെടുക.

## എം.സി.എ ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ അഞ്ചാം സെമസ്റ്റർ എം.സി.എ (2011, 2006 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.ടെക് ഫലം

കേരള സർവകലാശാല ഏപ്രിലിൽ നടത്തിയ എട്ടാം സെമസ്റ്റർ ബി.ടെക് (റഗുലർ/സപ്ലിമെന്ററി – 2008 സ്കീം) പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പുനർമൂല്യനിർണ്ണയത്തിനും സൂക്ഷ്മപരിശോധനയ്ക്കും ആഗസ്റ്റ് 10 വരെ ഓൺലൈൻ വഴി അപേക്ഷിക്കാം. പുനർമൂല്യനിർണ്ണയത്തിന് വെബ്സൈറ്റിൽ നിന്നും ലഭിക്കുന്ന കരട് മാർക്ക്ലിസ്റ്റ് ഉപയോഗിക്കാം.

**സർവകലാശാല മന്ദിരം,**
തിരുവനന്തപുരം.
20.07.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

e-mail: ku.release@gmail.com website: www.keralauniversity.ac.in

University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098